# നീരയുത്പാദനത്തിന് കർണാടകയിലും അനുമതി

കൊച്ചി: നിരയുത്പാദനത്തിന് കേരകർഷകന് വിലങ്ങുതടിയായി നിന്ന അബ്കാരി നിയമം സംസ്ഥാന സർക്കാർ ഭേദഗതി ചെയ്തതിന് പിന്നാലെ കർണാടകവും ഈ ഉത്തരവിനൊരുങ്ങുന്നു. നാളികേര മേഖലയുമായി ബന്ധപ്പെട്ട സർക്കാറിൻെറ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബജറ്റ് പ്രഖ്യാപനത്തിൽ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ അറിയിച്ചതാണിക്കാര്യം.

നീരയുത്പാദനത്തിന് നിലവിലുള്ള അബ്കാരി നിയമത്തിലെ വിലക്ക് മാറ്റും. കൂടാതെ മൂല്യവർദ്ധിത ഉത്പന്നങ്ങളായ പാം ഷുഗർ, തെങ്ങിൻ ചക്കര, പാം സിറപ്പ് എന്നിവ ധാരാളം ഉല്പാദിപ്പിക്കും.

25 ശതമാനം നിക്ഷേപസമാഹരണത്തോടെ നാളികേരോത്പാദക കമ്പനികൾ രൂപവത്കരിക്കാൻ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മൂല്യവർദ്ധിത കേരോത്പന്നങ്ങളുടെ വിപണനത്തിനായി അഞ്ച്നാളികേര പാർക്കുകൾ സ്ഥാപിക്കും . ഇതിനായി പ്രോസ്സസിംഗ് യൂണിറ്റുകൾക്ക് 25ശതമാനം സബ്സിഡിയോടെ അഞ്ചുകോടിയോളം മാറ്റി വെച്ചിട്ടുണ്ട്.